പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1518

04.12.2015 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാകുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) വിദ്യാഭ്യാസ വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് സംസ്ഥാന സർക്കാർ / ബാങ്കുകൾ ഒരു സ്കീമും ആവിഷ്ക്കരിച്ചിട്ടില്ല. |
| (ബി) എത്ര പേരുടെ വായ്പാ കുടിശ്ശിക ഇതുവരെ എഴുതിത്തള്ളിയിട്ടുണ്ടെന്ന് അറിയിക്കുമോ; | |
| (സി) വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവിന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (സി) ഉണ്ട്. 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലയളവിൽ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഐബിഎ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന് വിദ്യാഭ്യാസ വായ്പ എടുത്ത ബിപിഎൽ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ കാലയള |

വിൽ പലിശ സബ്സിഡി അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം ജില്ലാകളക്ടർമാർ അപേക്ഷ സ്വീകരിച്ച് അനുവദനീയമായ തുക കണക്കാക്കി ഫണ്ട് അനുവദിക്കുന്നതിന് നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ കളക്ടർമാർ മുഖാന്തിരം വിദ്യാർത്ഥികളുടെ ലോൺ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡിയും നിലവിലുണ്ട്.

(ഡി) വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ ഇളവ്നൽകുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്ര തുക കൈമാറി; അതിൽ ബാങ്കുകൾക്ക് എത്ര തുക നൽകി എന്ന് വിശദീകരിക്കാമോ ?

(ഡി) കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡി പ്രകാരം കേന്ദ്രസർക്കാർ ബാങ്കുകൾക്ക് പലിശ സബ്സിഡി നൽകിയിട്ടുണ്ട്. നൽകിയ തുക സംബന്ധിച്ച് വിശദാംശങ്ങൾ താഴെചേർക്കുന്നു.

| വർഷം | നൽകിയ തുക |
|---|---|
| 2009-10 | 46,68,66,297/- |
| 2010-11 | 1,44,04,38,477/- |
| 2011-12 | 2,74,18,27,249/- |
| 2012-13 | 3,92,15,29,707/- |
| 2013-14 | 3,76,97,79,604/- |

സെക്ഷൻ ഓഫീസർ